# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1854 — 04-12-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, കെ.മുരളീധരൻ<br>,, പി.ടി. തോമസ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികക്ക് 2013 ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച യോഗ്യതകൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയ്ക്ക് 2013 ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച യോഗ്യത "Graduate with MBA Preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience" ആയിരുന്നു . |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത യോഗ്യതകളിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട് ;മികച്ച ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് വേണ്ടിയാണ് . |
| (സി) | 2013 ൽയോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റിന്റെ അംഗീകാരത്തോടെയായിരുന്നോ;<br>യോഗ്യതകളിൽ പിന്നീട് മാറ്റം വരുത്തുന്നതിന് മുമ്പ് നിയമവകുപ്പിന്റേയോ ധനകാര്യവകുപ്പിന്റേയോ അംഗീകാരം തേടിയിരുന്നോ; എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നു; | (സി) | അല്ല ; ഇല്ല . |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് യോഗ്യതകളിൽ മാറ്റം വരുത്തുന്നതിനുള്ള ഫയൽ ക്യാബിനറ്റിന്റെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ 2013 ൽ ക്യാബിനറ്റ് അംഗീകരിച്ച ഒരു കാര്യത്തിൽ ക്യാബിനറ്റ് അംഗീകാരം ഇല്ലാതെ മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല . യോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റ് തീരുമാനപ്രകാരമായിരുന്നില്ല . അതിനാൽ യോഗ്യതാ ഭേദഗതിക്ക് ക്യാബിനറ്റ് തീരുമാനം ആവശ്യമുണ്ടായിരുന്നില്ല . |

സെക്ഷൻ ഓഫീസർ